കവർസ്റ്റോറി

ഖാലിദ് മൂസാ നദ്‌വി

# മതംമാറ്റത്തിന്റെ മതവും രാഷ്ട്രീയവും




**ബോധപൂർവം ഒരാൾക്ക് മതം സ്വീകരിക്കാനും മതം ഒഴിവാക്കാനും അനുവാദമുണ്ടായിരിക്കണം. ഏത് ജീവിത ദർശനത്തിന്റെ സ്വീകരണവും തിരസ്കാരവും അങ്ങനെത്തന്നെയായിരിക്കണം. എനിക്കിന്ന് കമ്യൂണിസ്റ്റാവാം എന്നതു തന്നെയാണ് നാളെ കമ്യൂണിസ്റ്റ് വിരുദ്ധനാവാം എന്നതിന്റെയും ന്യായം. ഞാനിന്ന് മുസ്‌ലിമാണെന്നത് നാളെ ഹിന്ദുവാകുന്നതിന് തടസ്സമാണെന്ന് വരുമ്പോൾ ധിഷണക്കാണ് നാം കൂച്ചുവിലങ്ങിടുന്നത്.**

**ഏത്** വിശ്വാസവും സ്വീകരിക്കാനുള്ള സ്വാതന്ത്ര്യം ആഗോളതലത്തിൽ അംഗീകരിക്കപ്പെട്ട മൗലിക മനുഷ്യാവകാശമാണ്. ഈ മൗലികാവകാശത്തെ ചോദ്യം ചെയ്യുന്നു എന്നതാണ് ലൗ ജിഹാദ് പദനിർമിതിയുടെ ഏറ്റവും വലിയ പ്രതിലോമപരത. മതം മാറിക്കൂടാ എന്ന പൊതുബോധം സവർണത സൃഷ്ടിച്ച നെറികെട്ട ജനാധിപത്യ വിരുദ്ധ മനോഭാവത്തിന്റെ ഉൽപന്നമാണ്. മതം മാറിയിരിക്കുന്നു എന്ന് കേൾക്കുമ്പോൾ പുരോഗമന ഇടതു പക്ഷക്കാരൻ പോലും നെറ്റി

ചുളിച്ചുകളയുന്നു എന്നതാണ് നമ്മുടെ അനുഭവം. ആഗോള സാഹിത്യ സമൂഹത്തിൽ മലയാളികളുടെ അംബാസിഡറായിരുന്ന മാധവിക്കുട്ടിയെ മതംമാറിയതിന്റെ പേരിൽ നാടുകടത്തിയ പാരമ്പര്യമാണല്ലോ നമ്മുടെ സാംസ്കാരിക പൊതുബോധത്തിനുള്ളത്. എന്തുകൊണ്ട് മതം മാറിക്കൂടാ? മതം മാറിയാൽ നിനക്കെന്ത് ചേതം? എന്റെ മതം ഞാനല്ലാതെ പിന്നെ ആര് തീരുമാനിക്കാൻ? എന്നൊക്കെ ചോദിക്കാനുള്ള രാഷ്ട്രീയ ധീരതയാണ് ജനാധിപത്യ സംസ്കാരം നമ്മിൽ നിന്ന് ആവശ്യപ്പെടുന്നത്. മതം മാറരുത് എന്ന് നിർദേശിക്കുന്നവരോടുള്ള വിനീതമായ ചോദ്യം, ഇപ്പോൾ അനുഷ്ഠിക്കുന്ന മതം എവിടെ നിന്ന് കിട്ടി എന്നതാണ്. ആ മതത്തിലായതിന്റെയും അതിൽ തന്നെ തുടരണമെന്നതിന്റെയും ജനാധിപത്യ ന്യായമെന്താണ്?

ജന്മമാണോ ഒരാൾക്ക് മതം പ്രദാനം ചെയ്യുന്നത്? കണ്ണിന്റെ കാഴ്ച പോലെയും കാതിന്റെ കേൾവി പോലെയുമാണോ മതം? മാറാനും തീരെ വേണ്ടെന്ന് വെക്കാനും മനുഷ്യന് അതിൽ തെരഞ്ഞെടുപ്പ് അധികാരങ്ങളൊന്നുമില്ലേ? ജന്മനാ സിദ്ധിക്കുന്നതാണ് മതം എന്ന കാഴ്ചപ്പാട്, ജനിച്ചു വീഴുന്ന കുടുംബവും തറവാടും അടിച്ചേൽപ്പിക്കുന്നതാണ് മതം എന്ന നിലപാട്, ആ മതത്തിന്റെ അടിമയായി പരലോകം പൂകാനേ മനുഷ്യന് നിർവാഹമുള്ളൂ എന്ന ധാരണ – ഇതൊന്നും ഒരു ജനാധിപത്യവാദിക്ക് തരിമ്പും അംഗീകരിക്കുക സാധ്യമല്ല.

ആരും ഒരു മതത്തിലായിട്ട് ജനിക്കുന്നില്ലെന്നാണ് പ്രവാചകനായ മുഹമ്മദ് നബിയുടെ പ്രഖ്യാപനം. മനുഷ്യൻ ജനിച്ചു വീഴുന്നത് ശുദ്ധപ്രകൃതത്തിലാണ്. മാതാപിതാക്കൾ അവനെ ജൂതനാക്കുന്നു, മറ്റു ചിലപ്പോൾ ക്രിസ്ത്യാനിയാക്കുന്നു, ചിലപ്പോൾ അഗ്നിപൂജകനാക്കുന്നു എന്നാണ് നബി പറയുന്നത്. നൂറ്റാണ്ടിന്റെ നവോത്ഥാന സാരഥിയായ മൗലാനാ മൗദൂദി ജന്മംകൊണ്ടുമാത്രം ഒരാൾ മുസ്‌ലിമാവുന്നില്ലെന്ന് പറഞ്ഞതും ഇതോട് ചേർത്തു വായിക്കാവുന്നതാണ്. ബോധപൂർവമായ ആദർശ സ്വീകരണമാണ് യഥാർഥ മതമെന്നാണ് അദ്ദേഹത്തിന്റെ നിരീക്ഷണം. ബോധപൂർവം ഒരാൾക്ക് മതം സ്വീകരിക്കാനും മതം ഒഴിവാക്കാനും അനുവാദമുണ്ടായിരിക്കണം. ഏത് ജീവിത ദർശനത്തിന്റെ സ്വീകരണവും തിരസ്കാരവും അങ്ങനെത്തന്നെയായിരിക്കണം. എനിക്കിന്ന് കമ്യൂണിസ്റ്റാവാം എന്നതു തന്നെയാണ് നാളെ കമ്യൂണിസ്റ്റ് വിരുദ്ധനാവാം എന്നതിന്റെയും ന്യായം. ഞാനിന്ന് മുസ്‌ലിമാണെന്നത് നാളെ ഹിന്ദുവാകുന്നതിന് തടസ്സമാണെന്ന് വരുമ്പോൾ ധിഷണക്കാണ് നാം കൂച്ചുവിലങ്ങിടുന്നത്. മതവും രാഷ്ട്രീയവും ദർശനവും എല്ലാം തന്നെ മാറിക്കൊണ്ടിരിക്കുന്നത് സഹിഷ്ണുതയോടെ സ്വീകരിക്കപ്പെടാത്തേടത്ത് ജനാധിപത്യം മരിച്ചുപോകും; ഫാഷിസം തഴച്ചുവളരുകയും ചെയ്യും.

കേരളത്തിലിന്ന് പ്രശ്നം സൃഷ്ടിച്ചുകൊണ്ടിരിക്കുന്ന ലൗ ജിഹാദ് വിവാദം മതപരിവർത്തനത്തിനെതിരായ യുദ്ധമാണ്. പ്രണയമുണ്ട് എന്ന കാര്യത്തിൽ തർക്കമില്ല. എന്നാൽ മതം നോക്കി വേണം പ്രണയിക്കാൻ എന്ന് നിബന്ധനവെക്കാൻ ആര് ആർക്കാണ് ഇവിടെ അധികാരം നൽകിയിരിക്കുന്നത്? പ്രണയം വ്യക്തിയുടെ അധികാരപരിധിയിൽ പെട്ട കാര്യമാണ്. എന്റെ മതവും എന്റെ രാഷ്ട്രീയവുമാണ് എന്റെ പ്രണയത്തെയും നിർണയിക്കുക. അതിൽ മൂന്നാം കക്ഷിക്ക് ഇടപെടാൻ അധികാരമുണ്ടാകാൻ പാടില്ല. എന്നെ ആർക്കും ഉപദേശിക്കാം, എനിക്ക് മാർഗനിർദേശം നൽകാം. പക്ഷേ പ്രണയത്തിന് മേൽ നിയന്ത്രണം കൊണ്ടുവരുന്ന അധികാര ശക്തിയുണ്ടാകാൻ പാടുള്ളതല്ല. ലൗ ജിഹാദ് വിവാദത്തിലൂടെ കാമ്പസ് പ്രണയങ്ങളുടെ ജാതിയും മതവും നിശ്ചയിക്കുന്ന അധികാര കേന്ദ്രമാവാനാണ് സംഘ്പരിവാർ മുന്നോട്ടു വന്നിരിക്കുന്നത്; ഒപ്പം ഒരുപറ്റം മാധ്യമങ്ങളും.

പ്രണയത്തിലെ ശരിയും തെറ്റും നിർണയിച്ച് വിധിതീർപ്പു കൽപ്പിക്കുന്ന ഈ അധികാരക്കോയ്മ മനുഷ്യാവകാശത്തിന്റെയും സ്വാതന്ത്ര്യത്തിന്റെയും ജനാധിപത്യത്തിന്റെയും വ്യക്തിയുടെ സ്വയം നിർണയാവകാശത്തിന്റെയും മേലുള്ള നഗ്നമായ കയ്യേറ്റമാണ്. സമൂഹത്തിന്റെ പൊതു അവകാശത്തെ ഹനിക്കാത്ത കാലത്തോളം വ്യക്തിയുടെ സ്വയംനിർണയാവകാശം ചോദ്യം ചെയ്യപ്പെട്ടുകൂടാ. പ്രണയമാവാം, മതം മാറരുത് എന്നാണ് തിട്ടൂരമെങ്കിൽ അത് പ്രണയമെന്തെന്ന തിരിച്ചറിവില്ലായ്മയിൽ നിന്ന് ഉടലെടുക്കുന്ന പ്രതിലോമ നിർദേശമാണ്. പ്രണയമെന്നാൽ പഴയതെന്തും പുതിയ ജീവിതത്തിന് വേണ്ടി ത്യജിക്കാനുള്ള സന്നദ്ധതയാണ്. രണ്ടുപേരുടെയും സ്വകാര്യാവകാശങ്ങൾ ഇരുവർക്കുമിടയിലെ പൊതു അവകാശമായി അംഗീകരിക്കലാണ് പ്രണയം. പണവും ചാരിത്ര്യവും മതവും രാഷ്ട്രീയവും അങ്ങനെ എല്ലാം പ്രണയിക്കപ്പെടുന്നവനു വേണ്ടി ത്യജിക്കപ്പെടുന്ന, പരസ്പരം ലയിച്ചു ചേരുന്ന അപൂർവ അനുഭവമാണ് പ്രണയം. പ്രണയാനന്തരം ഹിന്ദു മുസ്‌ലിമാകലും മുസ്‌ലിം ഹിന്ദുവാകലും ഈശ്വരവാദി നിരീശ്വരവാദിയാകലും സ്വാഭാവികം മാത്രമാണ്; സംഭവലോകത്തെ യാഥാർഥ്യങ്ങളുമാണ്. ജേക്കബ് പുന്നൂസ് ഒരു സമഗ്രാന്വേഷണം നടത്തുകയാണെങ്കിൽ പ്രണയാനന്തര മതംമാറ്റത്തിലെ നാനാത്വവും ബഹുസ്വരതയും കണ്ടുപിടിക്കാവുന്നതേയുള്ളൂ. ഈ ബഹുത്വത്തെ നിഷേധിക്കാനും ചോദ്യംചെയ്യാനും ജനാധിപത്യ സമൂഹത്തിൽ അനുവാദമുണ്ടായിക്കൂടാ.

**അപ്രതിരോധ്യമായ ധൈഷണിക യജ്ഞങ്ങൾ ജിഹാദിന്റെ മർമമാണ്. മർദകപക്ഷത്ത് ഉറച്ചുനിൽക്കുന്ന സാമ്രാജ്യത്വ സവർണ കൂട്ടുകെട്ടിനോട് എതിര് പറയാൻ ഒരു തലമുറയെ ഇന്ന് സജ്ജമാക്കിക്കൊണ്ടിരിക്കുന്നത് ജിഹാദിന്റെ മതവും രാഷ്ട്രീയവുമാണ്. കടലിലും കരയിലും റോഡിലും തോട്ടിലും തെരുവിലും ഊരിലും സാമ്രാജ്യത്വ സവർണ ക്രൂരതകൾക്കിരയാക്കപ്പെടുന്ന, അഭയാർഥികളായിത്തീരുന്ന ജനങ്ങളോടൊപ്പം നിൽക്കുന്നവരാണ് ജിഹാദിന്റെ രാഷ്ട്രീയപ്രയോഗത്തിന് ഇന്ന് നേതൃത്വം നൽകിവരുന്നത്.**

കഴിഞ്ഞ പെരുന്നാൾ ദിനത്തിൽ കുറ്റ്യാടിക്കാരനായ ഒരു കമ്യൂണിസ്റ്റ് സുഹൃത്ത് ഒരു പ്രണയകഥ വിവരിക്കുകയുണ്ടായി. അത് രണ്ട് കുടുംബങ്ങൾക്കിടയിലെ പ്രണയമാണ്. അഗാധമായ മാനവിക പ്രണയം. ഒന്ന് കുറ്റ്യാടിയിലെ കമ്മ്യൂണിസ്റ്റ് കുടുംബം; മറ്റേത് വയനാട്ടിലെ മുസ്‌ലിം ലീഗ് കുടുംബം. ഇപ്പോൾ ലീഗ് കുടുംബം മുസ്‌ലിം ലീഗിന്റെ മതവും സി.പി.എമ്മിന്റെ രാഷ്ട്രീയവും അംഗീകരിച്ചുകഴിഞ്ഞിരിക്കുന്നു. സി.പി.എം പ്രവർത്തകന്റെ സ്നേഹ സ്വാധീനം മുസ്‌ലിം ലീഗുകാരന്റെ രാഷ്ട്രീയ നിലപാട് മാറ്റുന്നത് വെറുക്കപ്പെടേണ്ട കാര്യമാണോ? ഇതു തന്നെയാണ് എല്ലാ പ്രണയങ്ങൾക്കും നാം അനുവദിച്ചു കൊടുക്കേണ്ട മതവും രാഷ്ട്രീയവും. സ്നേഹമാവാം, സ്നേഹസ്വാധീനം പാടില്ല എന്നാണെങ്കിൽ വിവാഹമാവാം, കുട്ടികൾ ജനിക്കരുതെന്ന പ്രകൃതിവിരുദ്ധ വ്യവസ്ഥക്ക് തുല്യമാണത്.

ഇന്ന് കാമ്പസിൽ നടക്കുന്ന പ്രണയങ്ങളെല്ലാം ഹിന്ദു പെൺകുട്ടികളെ ടാർഗറ്റ്

ചെയ്യുന്ന മുസ്‌ലിം പ്രണയങ്ങളാണെന്ന സംഘ്പരിവാർ പ്രചാരണം ശുദ്ധനുണയാണ്. സംഘം നുണപറയുന്നു എന്നത് ഫാഷിസ്റ്റ് സ്വാഭാവികത മാത്രമാണ്. ഗീബൽസ് ആവിഷ്കരിച്ചതാണ് ആ സമീപന രീതി. അതിന്നും തുടരേണ്ടത് ഫാഷിസ്റ്റ് അതിജീവനത്തിന്റെ അനിവാര്യതയാണ്. നമ്മുടെ പരാതി സംഘ്പരിവാർ ഇങ്ങനെ ഒരു നുണബോംബ് പൊട്ടിച്ചിരിക്കുന്നു എന്നതല്ല, പുള്ളിപ്പുലിയുടെ തൊലിയിൽ പുള്ളിയുണ്ടെന്നത് ഒരു പരാതിയാവാൻ കൊള്ളില്ലല്ലോ? മതം ഏതായാലും മനുഷ്യൻ നന്നായാൽ മതി എന്ന് പ്രബോധനം ചെയ്ത ശ്രീനാരായണ ഗുരുവിന്റെ അനുയായികളും ഈ നുണബോംബ് പേറുന്നതിന്റെ രാഷ്ട്രീയം എന്താണെന്നതാണ് നമ്മെ ചിന്താകുലരാക്കുന്നത്. മഹത്തായ കോടതി ഈ നുണബോംബിനെ ആധാരമാക്കി അന്വേഷണ പരമ്പര തന്നെ നടത്താൻ ബന്ധപ്പെട്ടവരെ നിർബന്ധിച്ചുകൊണ്ടിരിക്കുകയാണ്. ലൗ ജിഹാദ് എന്ന സംഘം നിലവിലില്ല എന്ന് പൊലീസ് പറയുമ്പോൾ, ഇല്ലെന്നതിന്റെ വിശദമായ തെളിവ് വീണ്ടുമാവശ്യപ്പെടുന്ന നമ്മുടെ ന്യായാധിപന്മാർ ഏത് മതത്തിനും രാഷ്ട്രീയത്തിനുമാണ് ഇപ്പോൾ അടിപ്പെട്ട് കഴിഞ്ഞിരിക്കുന്നതെന്ന് നമുക്കും അന്വേഷിക്കേണ്ടി വരികയാണ്. കേരളാ ഗവൺമെന്റിന്റെ സത്യവാങ്മൂലം ഈ നുണപ്രചാരണത്തെ ശങ്ക കൂടാതെ തള്ളിക്കളയാൻ ഭയക്കുന്നത് കാണുമ്പോൾ നമ്മുടെ പ്രബുദ്ധതയെ ആരാണ് റാഞ്ചിക്കൊണ്ടുപോകുന്നതെന്ന് ചോദിക്കേണ്ടിവരികയാണ്. ഒരു തെളിവുമില്ലാതെ, നാല് പേരെ പോലും ഹാജരാക്കാതെ തട്ടിയെടുക്കപ്പെട്ട നാലായിരം പേരെകുറിച്ച് പറയുന്ന ഈ ഹിമാലയൻ നുണബോംബും പേറിയുള്ള നമ്മുടെ യാത്ര എങ്ങോട്ടാണ്? പ്രണയത്തിന്റെ പേരിൽ മതപരിവർത്തനം ഉണ്ടോ എന്ന് പരിശോധിക്കണമെന്ന് ഡി.വൈ.എഫ്.ഐക്കും ജനാധിപത്യ മഹിളാ അസോസിയേഷനും പറയേണ്ടി വരുന്നത് എന്തുകൊണ്ടാണ്? പ്രണയം വഴി മതം മാറിയാലെന്താ എന്ന് ചോദിക്കാനുള്ള ധൈര്യം എവിടെപ്പോയി? പ്രണയം വഴി മതം മാറുന്നുണ്ടോ എന്ന് പരിശോധിക്കേണ്ടി വരുന്നത് ഏത് ഭരണഘടനാ നിയമമനുസരിച്ചാണ്? ഏത് വർഗ നിയമമനുസരിച്ചാണ്? പ്രണയം വഴി പല മാറ്റങ്ങളും നടന്നുകൊണ്ടിരിക്കെ, മതംമാറ്റം മാത്രം പരിശോധിക്കപ്പെടണമെന്നതിന്റെ ജനാധിപത്യ ന്യായമെന്താണ്? ഏത് മതമാണ്, ഏത് രാഷ്ട്രീയമാണ് പ്രണയാനന്തര മതംമാറ്റത്തെ കുറ്റകൃത്യമായി കാണുന്നത്?

പ്രണയം വഴി നിർബന്ധിത മതപരിവർത്തനം നടക്കുന്നു എന്നാണ് പറയുന്നതെങ്കിൽ ആ പ്രയോഗം തന്നെ അശ്ലീലമാണ്. എല്ലാ നിർബന്ധിതാവസ്ഥകളുടെയും നിരാകരണമാണ് പ്രണയം. പിതാവ്, മാതാവ്, ജ്യേഷ്ഠൻ, കാരണവർ തുടങ്ങിയ നിരവധി അധികാര കേന്ദ്രങ്ങൾ ധീരമായി നിരാകരിക്കപ്പെടാറുണ്ട് പ്രണയത്തിൽ. പ്രണയം തകർക്കാത്ത മതിലുകളോ ചാടിക്കടക്കാത്ത വേലികളോ ഇല്ല. പക്ഷേ, മതം എന്ന വേലി ചാടുന്നത് നിർബന്ധിതമായിട്ടാണെന്ന് ആരെങ്കിലും പറഞ്ഞാൽ അവർ പ്രണയത്തെ കുറിച്ച് ഒരു ചുക്കും മനസ്സിലാക്കിയിട്ടില്ല എന്നേ നമുക്ക് പറയാൻ കഴിയൂ. പ്രണയിക്കുന്നവർക്കുൾപ്പെടെ ആർക്കും എപ്പോഴും എവിടെവെച്ചും സ്വമേധയാ മതം മാറാനുള്ള അവകാശം അംഗീകരിക്കപ്പെട്ടേ തീരൂ. പ്രണയജോഡികളിൽ ആണിന്റെ മതം പെണ്ണിനുമാകാം പെണ്ണിന്റെ മതം ആണിനുമാകാം, ഇരുവർക്കും പഴയ മതത്തിൽ തന്നെ ഉറച്ചു നിൽക്കുകയും ചെയ്യാം. മതം മാറാനുള്ള ഈ മൗലികാവകാശം അംഗീകരിക്കപ്പെടുന്നതു വരെ നമ്മുടെ പോരാട്ടം തുടർന്നേ പറ്റൂ.

ലോകാടിസ്ഥാനത്തിൽ തന്നെ ഏറ്റവും സുശക്തമായ മിഷനറി സംരംഭമുള്ള, ഏത് മതക്കാരനെയും മാമോദീസാ മുക്കി യേശുവിന്റെ പ്രിയ കുഞ്ഞാടാക്കി മാറ്റാൻ

മടിയേതുമില്ലാത്ത, പരസ്യമായും വ്യാപകമായും ആസൂത്രിതമായും എല്ലാ മതവിശ്വാസികൾക്കിടയിലും മതംമാറ്റം ലക്ഷ്യം വെച്ചു തന്നെ വൻ കാമ്പയിനുകൾ അഴിച്ചു വിടുന്ന ക്രൈസ്തവ സഭയും പ്രണയത്തിനെതിരെ ജാഗ്രതാ ജിഹാദ് വിളിച്ചിരിക്കുകയാണ്. കർത്താവേ, ഇവർ പറയുന്നത് എന്താണെന്ന് ഇവർതന്നെ അറിയുന്നില്ലയോ?!



**ഒരു തെളിവുമില്ലാതെ, നാല് പേരെ പോലും ഹാജരാക്കാതെ തട്ടിയെടുക്കപ്പെട്ട നാലായിരം പേരെകുറിച്ച് പറയുന്ന ഈ ഹിമാലയൻ നുണബോംബും പേറിയുള്ള നമ്മുടെ യാത്ര എങ്ങോട്ടാണ്? പ്രണയത്തിന്റെ പേരിൽ മതപരിവർത്തനം ഉണ്ടോ എന്ന് പരിശോധിക്കണമെന്ന് ഡി.വൈ.എഫ്.ഐക്കും ജനാധിപത്യ മഹിളാ അസോസിയേഷനും പറയേണ്ടി വരുന്നത് എന്തുകൊണ്ടാണ്? പ്രണയം വഴി മതം മാറിയാലെന്താ എന്ന് ചോദിക്കാനുള്ള ധൈര്യം എവിടെ പ്പോയി?**

നിർബന്ധിത മതപരിവർത്തനം തടയപ്പെടണമെന്നതിൽ നമുക്കാർക്കും തർക്കമില്ല. മതപരിവർത്തനത്തിൽ മാത്രമല്ല ഒന്നിലും നിർബന്ധിതാവസ്ഥ ജനാധിപത്യപരമല്ല. മതം മാറരുത് എന്ന ഫത്‌വയും പാർട്ടി വിടരുത് എന്ന പോളിസിയും രണ്ടും ഫാഷിസ്റ്റ് പ്രവണതയുടെ ഇരുപുറങ്ങൾ തന്നെയാണ്. മതംമാറ്റത്തിലെ നിർബന്ധം ചെലുത്തലിനെതിരെ ജാഗ്രതയുടെ വൻമതിൽ തീർത്ത ഗ്രന്ഥമാണ് ഖുർആൻ. ആരെയും നിർബന്ധിച്ച് മതത്തിൽ ചേർക്കരുതെന്ന് ഖുർആൻ താക്കീത് ചെയ്തിരിക്കുന്നു. ബലാൽക്കാരത്തിന്റെ എല്ലാ ഇനങ്ങളെയും തള്ളിപ്പറഞ്ഞുകൊണ്ടാണ് ഖുർആൻ വിശ്വാസ സ്വാതന്ത്ര്യം ഉയർത്തിപ്പിടിച്ചിരിക്കുന്നത്. ഖുർആൻ രണ്ടാം അധ്യായം 256-ാം സൂക്തം -മതത്തിൽ യാതൊരു ബലാൽക്കാരവുമില്ല എന്ന പ്രഖ്യാപനം- സമ്പൂർണ വിശ്വാസ സ്വാതന്ത്ര്യത്തിന്റെ മാഗ്നാകാർട്ടയാണ്. കുട്ടികളുണ്ടാകാൻ വൈകിയാൽ ആദ്യകുഞ്ഞിനെ ജൂത മതത്തിൽ ചേർത്തുകൊള്ളാം എന്ന അറേബ്യൻ ആചാരത്തെ നിരാകരിച്ചുകൊണ്ടാണ് പ്രസ്തുത സൂക്തം അവതീർണമായത്. പുതുതായി ഇസ്‌ലാമിലേക്ക് കടന്നുവരുന്നവർ അവരുടെ കുഞ്ഞുങ്ങളെ ബലാൽക്കാരം മുസ്‌ലിമാക്കാൻ ശ്രമിച്ചപ്പോൾ മുഹമ്മദ് നബി (സ) തടഞ്ഞത് ഖുർആന്റെ ഈ പ്രഖ്യാപനം മുൻനി

ർത്തിയാണ്. നിർബന്ധിതാവസ്ഥയുടെ എല്ലാം പ്രകോപനങ്ങളും പ്രലോഭനങ്ങളും തള്ളിക്കളയുന്ന ഈ ഖുർആനിക പ്രഖ്യാപനം ജനാധിപത്യ സംസ്കാരത്തിന് ദിശയും വഴിയും തീർക്കുകയാണ് ചെയ്യുന്നത്.

കാമ്പസുകളിലെ മതംമാറ്റമാണ് ഏറ്റവും സർഗാത്മകമായ മതംമാറ്റം. കാരണം, എല്ലാ മാറ്റത്തിന്റെയും വിളനിലമാണ് കാമ്പസ്. ഈശ്വര വിശ്വാസി നിരീശ്വരനായി മാറുന്ന ഇടമാണത്; സൃഷ്ടിവാദി ഡാർവിനിസ്റ്റായി മാറാൻ സാധ്യതയുള്ള സ്ഥലമാണത്. പാരമ്പര്യവാദി ശാസ്ത്രവാദിയായും മതവാദി സ്ത്രീവാദിയായുമൊക്കെ കാമ്പസിൽ നടക്കുന്ന മാറ്റങ്ങൾക്കെതിരെ നാം തടയണ തീർക്കുകയാണെങ്കിൽ പിന്നെ കാമ്പസ് എന്ന വാക്കിന് വല്ല അർഥവുമുണ്ടോ? മതം മാറ്റത്തിനെതിരെ കാമ്പസിന് കാവലേർപ്പെടുത്താൻ തീരുമാനിച്ചവർ ബുദ്ധിക്കും ധിഷണക്കും കമ്പിവേലി കെട്ടുകയാണ് ചെയ്യുന്നത്.

ലൗ ജിഹാദ് എന്ന നുണബോംബ് പൊട്ടിക്കൊണ്ടിരിക്കെ വായിച്ച രണ്ട് വാർത്തകൾ വിശകലന വിധേയമാക്കട്ടെ.

**വാർത്ത ഒന്ന്:** അഞ്ച് മലയാളികളടക്കം പതിനെട്ട് യുവതികളെ ലൈംഗികമായി ആസ്വദിച്ച ശേഷം സയനൈഡ് ഗുളിക നൽകി കൊലപ്പെടുത്തിയ മംഗലാപുരം ബണ്ടുവാൾ സ്വദേശി മോഹൻകുമാർ എന്ന ആനന്ദ് പോലിസ് കസ്റ്റഡിയിലായിരിക്കുന്നു. പ്രണയം നടിച്ച് വലയിലാക്കി ലൈംഗികമായി പീഡിപ്പിച്ച ശേഷം വിഷം കൊടുത്ത് കൊലപ്പെടുത്തിയ യുവതികളുടെ എണ്ണത്തെക്കുറിച്ച് മോഹൻകുമാറിന് ഒരു നിശ്ചയവുമില്ലത്രെ. ഇരകളുടെ എണ്ണം ഇരുപത്തഞ്ചിലധികമാവാൻ സാധ്യതയുണ്ടെന്നാണ് ഒടുവിലത്തെ പോലിസ് നിഗമനം. എല്ലാറ്റിനും കാരണം മോഹൻകുമാറിന്റെ സമയദോഷമാണെന്നും ഹോമം നടത്തിയാൽ എല്ലാ ദുരിതങ്ങളും മാറുമെന്നും വീട്ടിനടുത്തുള്ള ക്ഷേത്രത്തിലെ പൂജാരി പറഞ്ഞതായി മോഹൻകുമാറിന്റെ മാതാവ് ചിത്ര പത്രക്കാരെ അറിയിച്ചിരിക്കുന്നു. നേരത്തെ പ്രൈമറി സ്കൂൾ അധ്യാപകനായിരുന്നു കരുത്തനായ ഈ 'ലൗ ജിഹാദ്' താരം. സംഘ്പരിവാർ ജിഹാദിന് നൽകുന്ന നിർവചനം പ്രണയാനന്തരം ഇത്ര ഭംഗിയായി നടപ്പിലാക്കിയ മറ്റൊരാളെ ഇതുവരെയും കണ്ടെത്തിയിട്ടില്ല. മോഹൻകുമാർ പ്രണയിച്ച് ലൈംഗിക ചൂഷണം നടത്തി കൊന്നുകളഞ്ഞ അനിത, ഹേമവതി, ശശികല എന്നിവരടക്കം അഞ്ചു യുവതികളെ മുസ്‌ലിം ചെറുപ്പക്കാർ തട്ടിക്കൊണ്ടുപോയിരിക്കുന്നുവെന്ന് സംഘം പ്രചാരണം നടത്തിക്കൊണ്ടിരിക്കുമ്പോഴാണ് ഇയാൾ പിടിയിലായത്. ലൗ ജിഹാദ് സംഘം കർണാടകയിൽ ശക്തമാണെന്നും ഇവർക്കെതിരെ അന്വേഷണം നടത്തി മൂന്നാഴ്ചക്കകം റിപ്പോർട്ട് നൽകണമെന്നും കർണാടക ഹൈക്കോടതി ഉത്തരവിട്ട അന്നുതന്നെയാണ് മോഹൻകുമാർ വലയിലായതെന്നത് ഏറെ ശ്രദ്ധേയമാണ്.

സംഭവത്തെ മുൻനിർത്തി കൂടുതൽ അന്വേഷണം നടത്താനുള്ള ഉത്തരവിടാനൊന്നും കോടതിക്ക് താൽപര്യമുണ്ടാകണമെന്നില്ല. കാരണം ഭാരത മാതാവിന്റെ പ്രിയപ്പെട്ട മക്കളുടെ ലൈംഗിക വീര്യത്തെ അത് കെടുത്തിക്കളയുമെന്ന് ന്യായമായും ഭയക്കേണ്ടിയിരിക്കുന്നു. പോലീസിന്റെ ആത്മവീര്യം കെട്ടുപോകുമെന്നതു കൊണ്ട് ബട്‌ലാ ഹൗസ് കൊലപാതകത്തെ കുറിച്ച് കൂടുതൽ അന്വേഷിക്കരുതെന്ന് സുപ്രീംകോടതി തന്നെ ഉത്തരവിട്ടിട്ടുണ്ടല്ലോ? മോഹൻകുമാർ ഒരു ലൈംഗിക മനോരോഗിയാണെന്ന കണ്ടെത്തലിന് നാം കാത്തിരിക്കുക. അദ്ദേഹത്തിന് വിദഗ്ധ വിദേശ ചികിത്സ ഗവൺമെന്റ് ചെലവിൽ തന്നെ നടത്തിക്കിട്ടാനുള്ള ആവശ്യവും ഉയർന്നു

കൂടായ്കയില്ല.

**വാർത്ത രണ്ട്:** കൈക്കുഞ്ഞുമായി കോടതിയിലെത്തിയ എറണാകുളം ജില്ലാ പഞ്ചായത്തംഗം കെ.ജി ഗോപികയെ കോടതി പിതാവിനോടൊപ്പം വിട്ടു. യൂത്ത് കോൺഗ്രസ് നേതാവായ ചേന്നമംഗലം സ്വദേശി സാജുവാണ് കുഞ്ഞിന്റെ പിതാവെന്ന് ഗോപിക കോടതിയെ അറിയിച്ചു. തെരഞ്ഞെടുപ്പ് പ്രചാരണത്തിനിടയിൽ അടുപ്പത്തിലാവുകയായിരുന്നു ഇരുവരും. ഒളിവിൽ പോയ ഇവർ കോയമ്പത്തൂരിലെ ക്ഷേത്രനടയിൽ അഛനമ്മമാർ അറിയാതെ വിവാഹിതരാവുകയും ചെയ്തു. ഗോപിക-സാജു പ്രണയത്തെ മുൻനിർത്തി ലൗ 'ഇലക്ഷൻ ഇഫക്ട്' കേരളത്തിൽ വ്യാപകമാണോ എന്നന്വേഷിക്കാൻ എന്തേ ആരും ഉത്തരവിടാത്തത്? ഈ സംഭവങ്ങളിലൊന്നും ഒരു മുസ്‌ലിമും ഇല്ലാത്തതിനാൽ ആർക്കും ആശങ്കകളില്ല, പ്രതിഷേധങ്ങളില്ല, അന്വേഷിക്കണമെന്ന് ആർപ്പുവിളികളുമില്ല!

> **മത-ജാതി ഭിന്നതകൾ മറന്ന് പരസ്പരം ആത്മാർഥമായി പുഞ്ചിരിക്കുന്നതു പോലും ഭീകരവൃത്തിയുടെ പട്ടികയിൽ പെടുത്തി തല്ലിക്കൊല്ലുന്ന പ്രഭാതങ്ങളെയാണോ നാമിനി വരവേൽക്കേണ്ടി വരിക? കേരളത്തിന് അഭിമാനകരവും മറ്റു ഇന്ത്യൻ സംസ്ഥാനങ്ങളിൽ നിന്ന് കേരളത്തെ വേറിട്ട് നിർത്തുന്നതുമായ രാഷ്ട്രീയ പ്രബുദ്ധതയെ തകർത്തുകളയാനുള്ള ഗൂഢമുന്നണി മറക്കുപിന്നിൽ രൂപപ്പെട്ടുവരുന്നു എന്നല്ല, അരങ്ങിൽ ആടിത്തുടങ്ങിയിരിക്കുന്നു എന്നാണ് ലൗ ജിഹാദ് പദനിർമിതി നൽകുന്ന രാഷ്ട്രീയ മുന്നറിയിപ്പ്.**

വംശീയ വെറിയുടെ കാളമൂത്ര ഗന്ധമാണ് ലൗ ജിഹാദ് എന്ന ആക്രോശത്തിൽ തെളിഞ്ഞു കാണുന്നത്. ഇതിന്റെ വർത്തമാന കാല കേരളീയ പരിസരം ഇസ്‌ലാമിക സമൂഹത്തിന്റെ നവോന്മേഷമാണ്. കേരളീയ പൊതു സമൂഹത്തിലെ നിറ സാന്നിധ്യമായി മുസ്‌ലിം വിദ്യാർഥി സമൂഹം മാറിയിരിക്കുന്നു. അവരെ കാമവെറിയന്മാരും സ്വവർഗാനുരാഗികളുമൊക്കെയായി ചിത്രീകരിക്കേണ്ടത് വംശീയ ചോര ധമനികളിലൊഴുകുന്ന സംഘ്പരിവാരത്തിന്റെയും അവരുടെ പേനയുന്തികളുടെയും ആവശ്യമല്ലാതെ മറ്റെന്താണ്? ഫ്യൂഡൽ - മുതലാളിത്ത - ബ്രാഹ്മണ്യ മനോഭാവത്തിന്റെ പുഴുത്തു നാറുന്ന വ്രണത്തിൽ നിന്ന് പുറത്തു ചാടിയ ഭീമൻ പുഴുവാണ് ലൗ ജിഹാദ് പദനിർമിതി. വംശീയത, വർഗീയത, ജനാധിപത്യ വിരുദ്ധത, സ്ത്രീവിരുദ്ധത, വിശ്വാസ സ്വാതന്ത്ര്യ നിഷേധം തുടങ്ങിയ ബഹുരോഗാണുക്കളെ വഹിക്കുന്ന ഈ പുഴുവിന് വിരുന്നൂട്ടുന്നതിൽ കേരളത്തിൽ രൂപപ്പെട്ട സവർണ ഐക്യ മുന്നണിക്കെതിരെ നാം കൂട്ട ഓക്കാനം സംഘടിപ്പിക്കേണ്ടിയിരിക്കുന്നു.

ഇതൊരു നിർണായക സന്ദർഭമാണ്. ജനാധിപത്യ ചേരിയും വംശീയ ചേരിയും പരസ്പരം വേർതിരിയുന്ന നിർണായക സന്ദർഭം. അന്യായമായി അപരവൽക്കരിക്കപ്പെടുന്ന ഒരു സമൂഹത്തോടൊപ്പം നിൽക്കണമോ അതല്ല ഭീകരമായ സവർണ ബോധ നിർമിതിയുടെ ഇരയായി മാറണമോ എന്ന് ആലോചിച്ച് തീരുമാനിക്കേണ്ട ചരിത്ര സന്ദർഭം. ലൗ ജിഹാദ് പ്രശ്നത്തെ മുസ്‌ലിം പ്രശ്നമായി

ചുരുക്കിക്കെട്ടുകയാണെങ്കിൽ നാം ചരിത്രത്തിൽ നിന്ന് പാഠം പഠിക്കുന്നില്ല എന്നേ അതിന്നർഥമുള്ളൂ. ഗുജറാത്ത് മുസ്‌ലിം പ്രശ്നമായി കണ്ടവർക്ക് ഒറീസ നൽകിയ മറുപടി ക്രൈസ്തവ സമൂഹമെങ്കിലും മറക്കാൻ പാടില്ലാത്തതായിരുന്നു.

മുസ്‌ലിം ഹിന്ദുവിനെ പ്രണയിക്കുന്നു എന്നതല്ല യഥാർഥ പ്രശ്നം, മലയാള പ്രബുദ്ധത സവർണ വംശീയ ബോധത്തെ പ്രണയിച്ചു കഴിഞ്ഞിരിക്കുന്നു എന്നതാണ്. കേരളീയ നവോത്ഥാന നിർമിതിയിലും കേരളീയ സമൂഹത്തിന്റെ വർത്തമാന കാല വികാസത്തിലും സർഗാത്മകമായും നിർണായകമായും ഇടപെടുന്ന ഒരു ജനതയെ അപരവൽക്കരിച്ചുകൊണ്ട് മറ്റൊരു കേരളം പണിയാൻ പോവുകയാണോ ഇവർ? ആർ.എസ്.എസ്സും എസ്.എൻ.ഡി.പിയും എൻ.എസ്.എസ്സും അവരുടെ മാധ്യമപ്പടയും എല്ലാം കൈകോർത്തു പിടിക്കുന്നത് വംശീയമായി പിളരുന്ന ഒരു കേരളത്തെ സൃഷ്ടിക്കാനാണോ? ഹിന്ദുവും മുസ്‌ലിമും കമ്യൂണിസ്റ്റും ക്രിസ്ത്യാനിയും ശ്രീനാരായണീയനും നായരും നമ്പൂതിരിയും ഒന്നിച്ചിരുന്നു പഠിക്കുന്ന വിദ്യാലയങ്ങൾ ഇനി നമുക്ക് വേണ്ടെന്നാണോ? മത-ജാതി ഭിന്നതകൾ മറന്ന് പരസ്പരം ആത്മാർഥമായി പുഞ്ചിരിക്കുന്നതു പോലും ഭീകരവൃത്തിയുടെ പട്ടികയിൽ പെടുത്തി തല്ലിക്കൊല്ലുന്ന പ്രഭാതങ്ങളെയാണോ നാമിനി വരവേൽക്കേണ്ടി വരിക? കേരളത്തിന് അഭിമാനകരവും മറ്റു ഇന്ത്യൻ സംസ്ഥാനങ്ങളിൽ നിന്ന് കേരളത്തെ വേറിട്ട് നിർത്തുന്നതുമായ രാഷ്ട്രീയ പ്രബുദ്ധതയെ തകർത്തുകളയാനുള്ള ഗൂഢമുന്നണി മറക്കുപിന്നിൽ രൂപപ്പെട്ടുവരുന്നു എന്നല്ല, അരങ്ങിൽ ആടിത്തുടങ്ങിയിരിക്കുന്നു എന്നാണ് ലൗ ജിഹാദ് പദനിർമിതി നൽകുന്ന രാഷ്ട്രീയ മുന്നറിയിപ്പ്.

കൊച്ചിൻ യൂനിവേഴ്സിറ്റി ഓഫ് സയൻസ് ആന്റ് ടെക്നോളജിയിൽ നിന്ന് ഷിപ്പ് ഡിസൈനിംഗിൽ ഉന്നത നിലവാരത്തിൽ പാസായ വി.അയ്യൂബ് എന്ന മുസ്‌ലിം യുവാവ് അമേരിക്കൻ കമ്പനിയിൽ നിന്ന് പുറത്താക്കപ്പെട്ടത് ലൗ ജിഹാദിന്റെ പേരിൽ പോലിസ് നൽകിയ ഭീകര മുന്നറിയിപ്പ് പ്രകാരമാണ്. അമേരിക്ക തുടക്കം കുറിക്കുകയും ഇന്ത്യ ഏറ്റെടുക്കുകയും കേരളാ പോലീസ് പോലും എളിയ തോതിൽ നടപ്പാക്കിക്കൊണ്ടിരിക്കുകയും ചെയ്യുന്ന സാമ്രാജ്യത്വ-സവർണ പ്രത്യയശാസ്ത്ര നടപടിക്രമങ്ങളുടെ തുടർച്ചയല്ല ലൗ ജിഹാദെന്ന് പിന്നെ എങ്ങനെ പറയാൻ പറ്റും? അയ്യൂബിന് ജോലി നഷ്ടപ്പെട്ടത് പോലീസ് സമ്മർദം മൂലമാണ്. അയ്യൂബ് ചെയ്ത തെറ്റ് ബി.ടെക് ബിരുദധാരിണിയായ തിരുവനന്തപുരം സ്വദേശിനി പി.ആർ ശ്രുതിയെ വിവാഹം കഴിച്ചു എന്നതാണ്. പ്രായപൂർത്തിയായ ആ ബിരുദധാരിണി ചെയ്ത തെറ്റോ? ബോധപൂർവം ഇസ്‌ലാം സ്വീകരിച്ചു എന്നതും!

മാറ്റമാണ് ജിഹാദിന്റെ ആകപ്പൊരുൾ. മാറ്റത്തിനു വേണ്ടിയുള്ള ആത്മീയാധ്വാനം മുതൽ കായികാധ്വാനം വരെ ഉൾചേർന്നതാണ് ജിഹാദ്. അപ്രതിരോധ്യമായ ധൈഷണിക യജ്ഞങ്ങൾ ജിഹാദിന്റെ മർമമാണ്. മർദകപക്ഷത്ത് ഉറച്ചുനിൽക്കുന്ന സാമ്രാജ്യത്വ സവർണ കൂട്ടുകെട്ടിനോട് എതിര് പറയാൻ ഒരു തലമുറയെ ഇന്ന് സജ്ജമാക്കിക്കൊണ്ടിരിക്കുന്നത് ജിഹാദിന്റെ മതവും രാഷ്ട്രീയവുമാണ്. കടലിലും കരയിലും റോഡിലും തോട്ടിലും തെരുവിലും ഊരിലും സാമ്രാജ്യത്വ സവർണ ക്രൂരതകൾക്കിരയാക്കപ്പെടുന്ന, അഭയാർഥികളായിത്തീരുന്ന ജനങ്ങളോടൊപ്പം നിൽക്കുന്നവരാണ് ജിഹാദിന്റെ രാഷ്ട്രീയപ്രയോഗത്തിന് ഇന്ന് നേതൃത്വം നൽകിവരുന്നത്. പ്ലാച്ചിമടയിലും ചെങ്ങറയിലും ബംഗ്ലാദേശ് കോളനിയിലും അപരവൽക്കരിക്കപ്പെട്ടും സാമൂഹികബഹിഷ്കരണത്തിന് വിധേയമായും ജീവിക്കുന്ന കുഞ്ഞുങ്ങൾക്ക് സ്ലേറ്റും പെൻസിലും നോട്ടുബുക്കും യൂനിഫോമും എത്തിച്ചുകൊടുക്കുന്ന പുതിയ ആക്ടിവിസത്തിന്റെ പ്രതിനിധികളെയാണ്, അവരുൾക്കൊള്ളുന്ന തലമുറയെയാണ് ലൗ

ജിഹാദ് വിളിച്ച് ഭയപ്പെടുത്തിക്കൊണ്ടിരിക്കുന്നത്. ദരിദ്രരുടെ ഊരുകളിലേക്ക് കാലെടുത്തു വെക്കാൻ ഒരു ജനതയെ പ്രാപ്തമാക്കുന്ന ജിഹാദീ മനസ്സിനെ മലിനമാക്കാതെ തരമില്ലല്ലോ.

മുതലാളിത്തത്തോട് എതിരിടുന്ന, സവർണ ബ്രാഹ്മണ്യത്തെ ചോദ്യംചെയ്യുന്ന, വികസനത്തിന്റെ ഇരകൾക്ക് അഭയമേകുന്ന, ദലിത് ആദിവാസി വിമോചന സ്വപ്നങ്ങൾക്ക് നിറംപകരുന്ന, തെരുവിന്റെ മക്കൾക്ക് കൂരയൊരുക്കുന്ന, രോഗാണുവിനും കീടനാശിനിക്കും ഇരയാകുന്നവർക്ക് ഔഷധവും ഭക്ഷണവും നൽകുന്ന ജിഹാദിനോടൊപ്പം നിൽക്കാൻ കേരളീയ പ്രബുദ്ധതക്ക് ധൈര്യമുണ്ടോ എന്നുകൂടി ഈ സംവാദാന്തരീക്ഷം നമ്മെ വെല്ലുവിളിക്കുന്നുണ്ട്. ■